ങ്ങളുടെയും വള്ളികളുടെയും (Vines) കാര്യത്തിൽ 9 വർഷത്തേക്കും, മറ്റു വിളകൾക്ക് 6 വർഷത്തേക്കും സാധുവായതാണ്. പുതുക്കൽ ഫീ നൽകി ഈ കാലാവധി പുതുക്കുകയോ പുനപരിശോധിക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ സാധുതാസമയം (പീര്യഡ് ഓഫ് വാലിഡിറ്റി), വൃക്ഷങ്ങളുടെയും വള്ളികളുടെയും കാര്യത്തിൽ രജിസ്ട്രേഷൻ തിയ്യതിമുതൽ 18 വർഷവും, 1966ലെ വിത്ത് നിയമപ്രകാരമുള്ള വിജ്ഞാപന തിയ്യതിമുതൽ 15 വർഷവും കൂടാൻ പാടില്ല. മറ്റു വിളകളുടെ കാര്യത്തിൽ ഈ സമയപരിധി രജിസ്ട്രേഷൻ തിയ്യതി മുതൽ 15 വർഷമാണ്. 2012 ആഗസ്റ്റ് വരെ വിവിധ വിഭാഗങ്ങളിലായി (കർഷക ഇനങ്ങൾ ഉൾപ്പെടെ), 3956 അപേക്ഷകൾ രജിസ്ട്രേഷനായി അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്.

## സസ്യ ഇനങ്ങൾക്കായുള്ള ദേശീയ രജിസ്റ്റർ

സസ്യ ഇനങ്ങൾക്കായുള്ള ദേശീയ രജിസ്റ്റർ ഹെഡ് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്ത സസ്യ ഇനങ്ങളുടെ പേരിനൊപ്പം അതാത് ബ്രീഡർമാരുടെ പേരും വിലാസവും അവരുടെ അവകാശം സംബന്ധിച്ച വസ്തുതകൾ, രജിസ്റ്റർ ചെയ്ത ഇനങ്ങളുടെ പ്രത്യേകതകൾ, ഈ ഇനങ്ങളുടെ വിത്ത്/മറ്റ് നടീൽ വസ്തുക്കൾ, അവയുടെ പ്രത്യേകതകൾ, മറ്റു വിവരങ്ങൾ എന്നിവ, ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കും.

## ദേശീയ ജീൻ ബാങ്ക്

ബ്രീഡർ നൽകിയ രജിസ്റ്റർ ചെയ്ത ഇനങ്ങളുടെ വിത്ത്, അവയുടെ മാതൃ-പിതൃ ഇനങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി, അതോറിറ്റി ദേശീയ ജീൻ ബാങ്ക് സ്ഥാപിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ കാലാവധി മുഴുവനും വളരെ താണ ഊഷ്മാവിൽ (5°C) സൂക്ഷിക്കുന്ന ഈ വിത്തുകൾ, ആവശ്യമെങ്കിൽ അപേക്ഷകന്റെ ചെലവിൽ പുനരുജ്ജീവിപ്പിക്കുന്നതാണ്. ഇവ വിവിധ തർക്കങ്ങൾ തീർപ്പാക്കുന്നതിനും, വിത്തുകളുടെ നിർബന്ധിത ലൈസൻസിങ്ങ് ഏർപ്പെടുത്തേണ്ടിവരുന്ന അവസരത്തിലും ഉപയോഗിക്കാവുന്നതാണ്. കമ്പോളത്തിൽ ഉണ്ടാകുന്ന നിയമലംഘനങ്ങളേയും തെറ്റായ പ്രവണതകളേയും നിയന്ത്രിക്കാൻ ജീൻ ബാങ്ക് സഹായകമാകുന്നു. രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞാൽ ഈ നടീൽ വസ്തുക്കൾ പൊതു സ്വത്തായിമാറുന്നതാണ്.

## ദേശീയ ജീൻ നിധി

**ദേശീയ ജീൻ നിധി സ്ഥാപിച്ച് അതോറിറ്റി താഴെ പറയുന്നവരിൽ നിന്ന് സംഭാവനകൾ സ്വീകരിക്കുന്നു.**

- നിയമപ്രകാരം രജിസ്റ്റർ ചെയ്ത ഒരിനമോ, എസൻഷ്യലി ഡിറൈവ്ഡ് വെറൈറ്റി (ഇ.ഡി.വി) യോ വികസിപ്പിച്ച ബ്രീഡറിൽ നിന്നോ, ഇത്തരം ഇനങ്ങളുടെ നടീൽ വസ്തുക്കളിൽ നിന്നോ ഉള്ള ലാഭവിഹിതം.
- റോയൽറ്റി ഇനത്തിൽ വാർഷിക ഫീസായി അതോറിറ്റിക്ക് ലഭിക്കുന്ന തുക.
- നഷ്ടപരിഹാര ഇനത്തിൽ ബ്രീഡർ നിക്ഷേപിക്കുന്ന തുക
- ദേശീയ, അന്തർ ദേശീയ സംഘടനകളിൽ നിന്നും മറ്റും ലഭ്യമാകുന്ന സംഭാവനകൾ.

**ജീൻ നിധി താഴെ പറയുന്ന കാര്യങ്ങൾക്ക് ഉപയോഗിക്കാം**

- ഗുണഫലം പങ്കുവെയ്ക്കുന്നതിന്.
- കർഷകർക്കോ കർഷക സമൂഹത്തിനോ നഷ്ട പരിഹാരം നൽകുന്നതിന്.
- ജനിതക വിഭവങ്ങളുടെ സംരക്ഷണത്തിനും സുസ്ഥിര ഉപയോഗത്തിനും (ഇൻ-സിറ്റു, എക്സ്- സിറ്റു കളക്ഷൻ ഉൾപ്പെടെ) ആവശ്യമായ പിന്തുണ പ്രവർത്തനങ്ങൾക്ക്. കൂടാതെ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് പഞ്ചായത്തുകളെ ശാക്തികരിക്കുന്നതിന്.
- ഗുണഫലം പങ്കുവെയ്ക്കുന്നതിനുള്ള പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾക്ക്.

## ഗുണഫലം പങ്കുവെയ്ക്കൽ (ബെനഫിറ്റ് ഷെയറിങ്ങ്)

കർഷകന്റെ അവകാശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഗുണഫലം പങ്കുവെയ്ക്കൽ (ബെനഫിറ്റ് ഷെയറിങ്ങ്). 26-ാം വകുപ്പ് അനുസരിച്ച് ഇന്ത്യൻ പൗരൻ, സ്ഥാപനങ്ങൾ, ഇന്ത്യയിൽ സ്ഥാപിതമായിട്ടുള്ള സർക്കാർ ഇതര സംഘടനകൾ എന്നിവയ്ക്ക് ബെനഫിറ്റ് ഷെയറിങ്ങിന് അവകാശമുണ്ട്. പുതിയ ഇനങ്ങൾ വികസിപ്പിക്കുന്നതിനുള്ള ജനിതകവസ്തുവിന്റെ ഉപയോഗത്തിന്റെ അളവും പ്രകൃതവും അനുസരിച്ചും, കമ്പോളത്തിൽ ഈ പുതിയ ഇനത്തിനുള്ള ആവശ്യവും ഉപയോഗവും അനുസരിച്ചും, ബ്രീഡർ നിശ്ചിത തുക ജീൻ ഫണ്ടിൽ നിക്ഷേപിക്കുകയും, ഈ തുക അവകാശികൾക്ക് നൽകുകയും ചെയ്യുന്നു. ബെനഫിറ്റ് ഷെയറിങ്ങിനുവേണ്ടിയുള്ള അവകാശവാദങ്ങൾ ഉന്നയിക്കുന്നതിനുവേണ്ടി, അതോറിറ്റി സർട്ടിഫിക്കറ്റിന്റെ ഉള്ളടക്കം പി.വി.ജെ.ഐ (PVJI)ൽ പ്രസിദ്ധീകരിക്കും.

## സമൂഹത്തിന്റെ അവകാശങ്ങൾ

- ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഇനങ്ങൾ പരിണമിപ്പിക്കുന്നതിനുവേണ്ടി, ഗ്രാമപ്രദേശങ്ങളിലെ പ്രാദേശിക സമൂഹം നൽകിയ സംഭാവനകളെ പരിഗണിക്കുകയും അവർക്ക് അതിനുള്ള നഷ്ടപരിഹാരം നൽകുകയും ചെയ്യും.
- ഇന്ത്യയിലെ ഏതൊരു വ്യക്തിക്കും/വ്യക്തികളുടെ സംഘത്തിനും, ഗവൺമെന്റ്/ഗവൺമെന്റേതര സംഘടനകൾക്കും, ഏതെങ്കിലും ഗ്രാമത്തിനുവേണ്ടിയോ, പ്രാദേശിക സമൂഹത്തിനുവേണ്ടിയോ, ഒരു ഇനം പരിണമിപ്പിക്കുന്നതിൽ അവർ നൽകിയ സംഭാവനകൾക്കുള്ള പ്രതിഫലം ആവശ്യപ്പെട്ടുകൊണ്ട് വിജ്ഞാപനം ചെയ്ത ഏതെങ്കിലും കേന്ദ്രത്തിൽ അപേക്ഷ നൽകാവുന്നതാണ്.

## കൺവെൻഷൻ രാജ്യങ്ങൾ

കൺവെൻഷൻ രാജ്യങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, സസ്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഏതെങ്കിലും ഒരു അന്താരാഷ്ട്ര കൺവെൻഷൻ അംഗീകരിച്ച രാജ്യം എന്നാണ്. ഇന്ത്യ ഇത്തരത്തിലുള്ള ഒരു കൺവെൻഷൻ രാജ്യമാണ്. ഇതിന് പുറമെ, സസ്യ ഇനങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നിയമങ്ങളുള്ള രാജ്യങ്ങളുമായും ഇന്ത്യ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ കരാറുകൾ പ്രകാരം ഇരു രാജ്യങ്ങളിലെയും പൗരൻമാർക്ക് പ്ലാന്റ് ബ്രീഡറുടെ അവകാശങ്ങൾ ലഭ്യമാകും. ഏതെങ്കിലും ഒരു വ്യക്തി ഒരു പുതിയ ഇനം രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി ഇന്ത്യയിൽ അപേക്ഷ സമർപ്പിക്കുകയും, അത് ഏതെങ്കിലും ഒരു കൺവെൻഷൻ രാജ്യത്ത് അപേക്ഷ സമർപ്പിച്ചതിനു ശേഷമുള്ള പന്ത്രണ്ട് മാസത്തിനുള്ളിൽ ആയിരിക്കുകയും ചെയ്താൽ, ആ വെറൈറ്റി രജിസ്റ്റർ ചെയ്യപ്പെടുകയും, കൺവെൻഷൻ രാജ്യത്ത് രജിസ്ട്രേഷന് നൽകിയ തിയതി മുതൽ രജിസ്ട്രേഷൻ ലഭിച്ചതായി കണക്കാക്കുകയും ചെയ്യും.

## പ്ലാന്റ് വെറൈറ്റീസ് പ്രൊട്ടക്ഷൻ അപ്പലെറ്റ് ട്രിബ്യൂണൽ (പി.വി.പി.എ.ടി)

പി.പി.വി. & എഫ്.ആർ ആക്ട് പ്രകാരം പി.വി.പി.എ.ടി രൂപീകരിക്കേണ്ടതുണ്ട്. ഒരു ഇനത്തിന്റെ രജിസ്ട്രേഷനുമായോ, ഏജന്റിന്റേയോ ലൈസൻസിയുടേയോ രജിസ്ട്രേഷനുമായോ ബന്ധപ്പെട്ടതും, അതോറിറ്റിയുടെ രജിസ്ട്രാർ പുറപ്പെടുവിക്കുന്നതും ആയ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും ഈ ട്രിബ്യൂണലിൽ ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ഇതുകൂടാതെ ഗുണഫലം പങ്കിടൽ അഥവാ ബെനഫിറ്റ് ഷെയറിംങ്, നിർബന്ധിത ലൈസൻസ് പിൻവലിക്കൽ, നഷ്ടപരിഹാരം നൽകൽ തുടങ്ങി അതോറിറ്റിയുടെ എല്ലാ ഉത്തരവുകളും തീരുമാനങ്ങളും ട്രിബ്യൂണലിൽ ചോദ്യം ചെയ്യപ്പെടാവുന്നതാണ്. താത്കാലിക സംവിധാനമെന്ന നിലക്ക് പി.വി.പി.എ.ടി (പ്ലാന്റ് വെറൈറ്റീസ് പ്രൊട്ടക്ഷൻ അപ്പലെറ്റ് ട്രിബ്യൂണൽ-PVPAT) സ്ഥാപിക്കപ്പെടുന്നതുവരെ ഐ.പി.എ.ബി (ഇന്റലക്ച്വൽ പ്രോപ്പർട്ടി അപ്പലേറ്റ് ബോർഡ്) പി.വി.പി.എ.ടിയുടെ ചുമതലകൾ നിർവ്വഹിക്കും. പി.വി.പി.എ.ടിയുടെ തീരുമാനങ്ങൾ ഹൈക്കോടതിയിൽ ചോദ്യം ചെയ്യാവുന്നതാണ്. അപ്പീലിൻമേലുള്ള തീരുമാനം, ട്രിബ്യൂണൽ ഒരു വർഷത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്.


**ആശയവിനിമയത്തിനുള്ള മേൽവിലാസം**

പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആന്റ് ഫാർമേഴ്സ് റൈറ്റ്സ് അതോറിറ്റി
എസ്.2, എ. ബ്ലോക്ക്, എൻ.എ.എസ്.സി. കോംപ്ലക്സ്
ദേവ് പ്രകാശ് ശാസ്ത്രി മാർഗ്, ന്യൂഡൽഹി - 110012
ടെലഫോൺ: 011-25843315, 25840777, 25843808
ഫാക്സ്: 011-25840478

**Address for Communication**

Protection of Plant Varieties and Farmers' Rights Authority
S-2, A Block, NASC Complex
Dev Prakash Shastri Marg, New Delhi-110 012
Tel: 011-25843315, 25840777, 25843808
Fax: 011-25840478
Website: www.plantauthority.gov.in
E-mail: ppvfra-agri@nic.in


# സസ്യ ഇനങ്ങളുടേയും കർഷക അവകാശങ്ങളുടേയും സംരക്ഷണ അതോറിറ്റി

**കൃഷി മന്ത്രാലയം, ഭാരത സർക്കാർ**




എസ്. 2, എ. ബ്ലോക്ക്, എൻ.എ.എസ്.സി. കോംപ്ലക്സ്
ദേവ് പ്രകാശ് ശാസ്ത്രി മാർഗ്
ന്യൂഡൽഹി - 110012

